**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5844** **08-07-2024 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര ധനകാര്യ കമ്മീഷന്റെ ഗ്രാന്റായി ലഭിക്കുന്ന ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കോർപ്പറേഷനുകൾ കേന്ദ്ര ധനകാര്യ കമ്മീഷന്റെ ഗ്രാന്റായി ലഭിക്കുന്ന ഫണ്ട് പാഴാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഗ്രാന്റ് നഷ്ടപ്പെടാതിരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | 2022-2023 സാമ്പത്തിക വർഷത്തിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരുന്ന മില്ല്യൺ പ്ലസ് സിറ്റി/നഗര സഞ്ചയങ്ങൾക്കുള്ള ഗ്രാന്റായ 265 കോടി രൂപയിൽ നഗര സഞ്ചയങ്ങളുടെ സർവീസ് ലെവൽ ബഞ്ച്മാർക്കുകളിലെ പുരോഗതി വിലയിരുത്തി 213.45 കോടി രൂപയാണ് അനുവദിച്ചത്. എന്നാൽ ബാക്കി അനുവദിക്കാനുണ്ടായിരുന്ന 51.55 കോടി രൂപ 2021-22 ലെ സർവീസ് ലെവൽ ബഞ്ച്മാർക്കുകളിലെ പുരോഗതി കൈവരിച്ച 09 നോൺ മില്ല്യൺ പ്ലസ് സിറ്റികൾക്ക് അനുവദിച്ചിട്ടുള്ളതാണ്. |
| (ബി) | 2022-2023 സാമ്പത്തിക വർഷത്തിൽ ഗ്രാന്റായി ലഭിച്ചതും ചെലവാക്കിയതും എത്ര രൂപയെന്ന് വ്യക്തമാക്കാമോ; | (ബി) | 2022-2023 സാമ്പത്തിക വർഷത്തിൽ ഗ്രാന്റായി ലഭിച്ചതും ചെലവാക്കിയതുമായ തുക സംബന്ധിച്ച വിവരം. |

| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനം | ലഭിച്ച ഗ്രാന്റ് തുക (കോടിയിൽ) | ചെലവാക്കിയ തുക (28.06.2024 വരെ) (കോടിയിൽ) |
|---|---|---|
| റൂറൽ | 1246 | 964.97 |
| അർബൻ | 613 | 431.01 |
| ഹെൽത്ത് ഗ്രാന്റ് | 421.81 | 145.58 |

| | | | |
|---|---|---|---|
| (സി) | ശുചീകരണം, മാലിന്യ പ്രശ്നങ്ങൾ, ശുദ്ധജല വിതരണം തുടങ്ങി പ്രശ്നങ്ങൾ കൂടുതലുള്ള സ്ഥലങ്ങളിൽപോലും പ്രസ്തുത തുക വിനിയോഗിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ? | (സി) | ഇല്ല. കേന്ദ്ര ധനകാര്യ കമ്മിഷൻ ശുപാർശ ചെയ്തിട്ടുള്ള ടൈഡ് ഗ്രാന്റിന്റെ 50% ശുചീകരണം, മാലിന്യസംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്കും, 50% കുടിവെള്ളം, മഴവെള്ള ശേഖരണം, ജലത്തിന്റെ പുനരുപയോഗം എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുമായാണ് വിനിയോഗിക്കുന്നത്. സംസ്ഥാനത്തെ 6 കോർപറേഷനുകൾ ഉൾപ്പെടെയുള്ള 7 മില്ല്യൺ പ്ലസ് സിറ്റികൾക്ക് 2022-23 സാമ്പത്തിക വർഷം ലഭിച്ച 213.45 കോടി രൂപയിൽ 123.97 കോടി രൂപ ചിലവായിട്ടുള്ളതാണ്. കൂടാതെ ടി ഗ്രാന്റ് |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ച് ഏറ്റെടുത്ത് നടപ്പാക്കി വരുന്ന പദ്ധതികളിൽ പലതും ബഹുവർഷ പദ്ധതികളും അവയുടെ നടപ്പാക്കൽ പുരോഗതിയിലുമാണ്. |

സെക്ഷൻ ഓഫീസർ